(സി) സ്പീഡ് കേരളാ പദ്ധതിയിൽപ്പെടുത്തി മലയോര ഹൈവേയുടെ അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവൃത്തികൾ നാറ്റ്പാക് വഴി നടന്നുവരുന്നു. എന്നിരുന്നാലും പ്രസ്തുത അലൈൻമെന്റിന്റെ ഭാഗമായി വരുന്ന കണ്ണൂർ, എറണാകുളം, വയനാട് ജില്ലകളിലെ ചില ഭാഗങ്ങളിൽ നിലവിലുള്ള റോഡ് ബി.എം.ബി.സി. ആയി ബലപ്പെടുത്തി മലയോര ഹൈവേയുടെ ഭാഗമാകത്തക്ക രീതിയിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) 37 മീറ്റർ നീളത്തിൽ 4 സ്പാനോടുകൂടിയ ചെല്ലഞ്ചി പാലത്തിന്റെ 2 അബട്ട്മെന്റിന്റെയും ഒരു പിയറിന്റെയും പണി പൂർത്തിയായി. മൂന്നാമത്തെ പിയറിന്റെ ഫൗണ്ടേഷൻ പണി പൂർത്തിയായിവരുന്നു. അപ്രോച്ച് റോഡിന്റെ മൺപണി ഭാഗികമായി പൂർത്തിയായി. പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും 25 ശതമാനം പണി പൂർത്തിയായി. ചെല്ലഞ്ചി പാലത്തിന്റെ കരാർ ഏറ്റെടുത്ത കെ.എസ്.സി.സി. അവരുടെ സബ് കോൺട്രാക്ടറെ നിർമ്മാണത്തിൽ കാര്യമായ പുരോഗതി ഇല്ലാത്തതിനാൽ അതിന്റെ ചുമതലയിൽനിന്ന് ഒഴിവാക്കുകയുണ്ടായി. ടി പ്രവൃത്തി പുനരാരംഭിക്കുന്നതിന് ഉടൻതന്നെ നടപടി സ്വീകരിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

ടൂറിസ്റ്റ് വിസ ഓൺ അറൈവൽ പദ്ധതി

204 (8265) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നടപ്പാക്കിയ ടൂറിസ്റ്റ് വിസ ഓൺ അറൈവൽ പദ്ധതിയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ള വിദേശ രാജ്യങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തിയശേഷം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രാജ്യങ്ങളിൽ നിന്ന് വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദേശ ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനത്തിന്റെ കാര്യത്തിൽ ഇതര ഏഷ്യൻ രാജ്യങ്ങളെ അപേക്ഷിച്ച് യൂറോപ്യൻ രാജ്യങ്ങളുടെ പങ്ക് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, ദക്ഷിണ കൊറിയ എന്നീ 12 രാജ്യങ്ങളാണ് വിസ ഓൺ അറൈവൽ പദ്ധതിയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ളത്.

(ബി) ഉണ്ട്. വിനോദസഞ്ചാരികളുടെ വർദ്ധന സംബന്ധിച്ച് തിരുവനന്തപുരം-കൊച്ചി അന്താരാഷ്ട്ര വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ വിഭാഗത്തിൽനിന്ന് കണക്കുകൾ വിനോദസഞ്ചാര വകുപ്പിന് ലഭിച്ചിട്ടില്ല.

(സി) വിദേശ ടൂറിസ്റ്റുകളിൽനിന്നും സംസ്ഥാനത്തിന് 2013 കലണ്ടർ വർഷത്തിൽ 5560 കോടിയുടെ വിദേശനാണ്യം ലഭിക്കുകയുണ്ടായി. ഇതിൽ ഏകദേശം 3090 കോടിരൂപയുടെ വരുമാനം ലഭിച്ചിട്ടുള്ളത് യൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള വിദേശ ടൂറിസ്റ്റുകളിൽ നിന്നാണ്. ഇത് ആകെ വരുമാനത്തിന്റെ 56 ശതമാനത്തോളം വരും.

ഉത്തരവാദിത്വ വിനോദസഞ്ചാരം വ്യാവസായിക കാഴ്ചപ്പാട്

205 (8266) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഉത്തരവാദിത്വ വിനോദസഞ്ചാരം വ്യാവസായിക കാഴ്ചപ്പാട് എന്ന പേരിൽ നടത്തിയ ആദ്യ കോൺഫറൻസ് എത്രത്തോളം വിജയകരമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോൺഫറൻസ് വിനോദസഞ്ചാരികളുടെ ആവശ്യങ്ങൾ സേവനദാതാക്കൾക്ക് മനസ്സിലാക്കുന്നതിന് എത്രത്തോളം സഹായകരമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly